✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1133

# സൂറ – 39 / അസ്സുമർ

## സൂക്തം: 24 – 28

അതിരുവിട്ട അക്രമികളെയും അധർമികളെയും അല്ലാഹു ഇടക്കിടെ ശിക്ഷിച്ചുകൊണ്ടിരിക്കും. ദൈവത്തെ ഓർക്കാനും അവനിലേക്ക് മടങ്ങാനും പ്രേരിതരാകുന്നതിനു വേണ്ടിയാണത്. ചിലപ്പോൾ പ്രളയം, ഭൂകമ്പം, വരൾച്ച, വിളനാശം തുടങ്ങിയ രൂപങ്ങളിൽ. ചിലപ്പോൾ ദാരിദ്ര്യത്തിന്റെയും മഹാമാരിയുടെയും രൂപത്തിൽ. ചിലപ്പോൾ യുദ്ധത്തിന്റെ രൂപത്തിൽ. ഒരു മുന്നറിയിപ്പുമില്ലാതെ എവിടെനിന്നോ എങ്ങനെയോ ആകസ്മികമായി ശിക്ഷകൾ വന്നുഭവിക്കുന്നു.

أَفَمَن يَتَّقِي بِوَجْهِهِۦ سُوٓءَ ٱلْعَذَابِ يَوْمَ ٱلْقِيَٰمَةِ ۚ وَقِيلَ لِلظَّٰلِمِينَ ذُوقُوا۟ مَا كُنتُمْ تَكْسِبُونَ ﴿٢٤﴾

24. ഉയിർത്തെഴുന്നേൽപു നാളിൽ സ്വന്തം മുഖം കൊണ്ട് നികൃഷ്ടമായ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരുന്നവൻ ശിക്ഷാ മുക്തനെപ്പോലെയാകുമോ? അന്ന് ധർമധിക്കാരികളോട് പറയപ്പെടുന്നു: നിങ്ങൾ സമ്പാദിച്ചുകൊണ്ടിരുന്നതു ആസ്വദിച്ചുകൊള്ളുവിൻ.

**24**

أَفَمَن يَتَّقِي = കാക്കുന്നവൻ ആണോ (ഏറ്റുവാങ്ങേണ്ടിവരുന്നവൻ ശിക്ഷാമുക്തനെപ്പോലെയാകുമോ)

بِوَجْهِهِ = അവന്റെ (സ്വന്തം) മുഖം കൊണ്ട് ; سُوءَ الْعَذَابِ = ശിക്ഷയുടെ ദൗഷ്ട്യം (നികൃഷ്ടമായ ശിക്ഷ)

يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപു നാളിൽ ; وَقِيلَ لِلظَّالِمِينَ = (അന്ന് ധർമ) ധിക്കാരികളോട് പറയപ്പെട്ട(ടുന്നു)വർ

ذُوقُوا = നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ ; مَا كُنتُمْ تَكْسِبُونَ = നിങ്ങൾ സമ്പാദിച്ചുകൊണ്ടിരുന്നത്

أَفَمَن يَتَّقِي بِوَجْهِهِ- മുഖം കൊണ്ട് കാക്കുന്നവൻ- എന്നതിലെ അവൻ ആരെന്നു സൂക്തത്തിന്റെ രണ്ടാം പാദത്തിലെ لِلظَّالِمِينَ , മുൻസൂക്തത്തിലെ مَن يُضْلِلِ اللَّهُ എന്നീ വാക്കുകളിൽനിന്ന് വ്യക്തമാകുന്നു. അവൻ ആണോ - أَفَمَن- എന്ന ചോദ്യത്തിന്റെ പൂരകം അനുക്തമാണ്. ظالم-ന്റെയും ضالّ-യും വിപരീതമാണതെന്നും സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. ആ രണ്ടു കൂട്ടരും ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെടുന്നവരായതുകൊണ്ടാണ് തർജമയിൽ ശിക്ഷാമുക്തരെപ്പോലെ എന്നു പൂരിപ്പിച്ചത്. കാക്കുക, രക്ഷിക്കുക, ഭയപ്പെടുക, സൂക്ഷിക്കുക തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന وِقَايَة-ൽ നിന്ന് ഉത്ഭവിച്ച اتّقى എന്ന ക്രിയയുടെ വർത്തമാന രൂപമാണ് يَتَّقِي . നികൃഷ്ടമായ ശിക്ഷ മുഖം കൊണ്ട് കാക്കുക എന്നതിന്റെ താൽപര്യം മുഖത്തു തന്നെ ശിക്ഷയേറ്റുവാങ്ങേണ്ടിവരിക എന്നാണ്. ശരീരത്തിന്റെ ഏറ്റം പ്രധാനവും വിശിഷ്ടവുമായ ഭാഗമാണ് മുഖം. കണ്ണും മൂക്കും വായയുമെല്ലാം സ്ഥിതിചെയ്യുന്ന ഈ ഭാഗം തന്നെയാണ് ഏറ്റം സുന്ദരമായ ഭാഗവും. മുഖം ശരീരത്തിനേൽക്കുന്ന ഏതു ആഘാതത്തിൽനിന്നും അതീവ ജാഗ്രതയോടെ സംരക്ഷിക്കുന്നു. മുഖത്ത് അടിയേൽക്കുന്നത്

ആപൽക്കരം മാത്രമല്ല, അപമാനകരവുമാണ്. അങ്ങേയറ്റം പതിതരും നിസ്സഹായരും അവശരുമായ ആളുകൾ മാത്രമേ മുഖത്ത് അടിവാങ്ങൂ. ഈ ലോകത്ത് വീരശൂര പ്രതാപികളെന്ന് അഹങ്കരിച്ചുവാണിരുന്ന ദൈവധിക്കാരികൾ അന്ത്യനാളിൽ, അവർ ധിക്കാരവും ധാർഷ്ട്യവും പ്രകടിപ്പിച്ച് ആളുകളുടെ ബഹുമാനവും വിധേയത്വവും ഏറ്റുവാങ്ങിയിരുന്ന അതേ മുഖങ്ങൾ കൊണ്ടുതന്നെ നികൃഷ്ടമായ ശിക്ഷാമുറകൾ ഏറ്റുവാങ്ങേണ്ട അപമാനകരമായ അവസ്ഥയാണ് ഉയിർത്തെഴുന്നേൽപു നാളിൽ നേരിടേണ്ടി വരിക എന്നാണ് ആ വചനസാരം. അന്നവരോടൊപ്പം പരിചാരകരും പാർശ്വവർത്തികളുമുണ്ടാവില്ല. പാടിപ്പുകഴ്ത്തിയിരുന്ന ജനക്കൂട്ടങ്ങളുമുണ്ടാവില്ല, സഹായിക്കാൻ. അവർ പ്രാർഥിച്ചിരുന്ന ദേവീദേവന്മാരോ പുണ്യാളന്മാരോ അവർക്കുവേണ്ടി ശിപാർശ ചെയ്യുകയുമില്ല. നരകയാതനയിൽ എരിപൊരികൊണ്ട് സഹായത്തിനുവേണ്ടി നിലവിളിക്കുമ്പോൾ ലഭിക്കുന്ന മറുപടി ഇതായിരിക്കും; നിങ്ങൾക്ക് ലഭിക്കുന്നത് നിങ്ങൾ തന്നെ ഭൗതിക ജീവിതത്തിൽ സമ്പാദിച്ചുവെച്ചതാണ്. സ്വന്തം സമ്പാദ്യത്തിന്റെ രുചി ആസ്വദിച്ചുകൊള്ളുക. ●

---

كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡ فَأَتَىٰهُمُ ٱلۡعَذَابُ مِنۡ حَيۡثُ لَا يَشۡعُرُونَ ﴿٢٥﴾

فَأَذَاقَهُمُ ٱللَّهُ ٱلۡخِزۡيَ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۖ وَلَعَذَابُ ٱلۡأٓخِرَةِ أَكۡبَرُۚ لَوۡ كَانُواْ يَعۡلَمُونَ ﴿٢٦﴾

25. ഇവർക്കുമുമ്പ് ഏറെ ജനം സത്യധർമങ്ങൾ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഒടുവിൽ വിചാരിക്കാത്ത ദിശയിലൂടെ അവരുടെ മേൽ ശിക്ഷ വന്നുഭവിച്ചു.

26. ഭൗതിക ജീവിതത്തിൽ തന്നെ അല്ലാഹു അവരെ നിന്ദ്യത രുചിപ്പിച്ചു. പരലോക ശിക്ഷയോ, അതിലേറെ ഘോരതരമത്രെ; അവർ അറിഞ്ഞിരുന്നുവെങ്കിൽ.

**25,26**

كَذَّبَ = കളവാക്കി (സത്യധർമങ്ങൾ തള്ളിപ്പറഞ്ഞിട്ടുണ്ട്)
الَّذِينَ مِن قَبْلِهِمْ = അവർക്കു മുമ്പുള്ളവർ (മുമ്പ് ഏറെ ജനം)
فَأَتَاهُمُ الْعَذَابُ = അപ്പോൾ (ഒടുവിൽ) അവരുടെ മേൽ ശിക്ഷ വന്നു (ഭവിച്ചു)
مِنْ حَيْثُ لَا يَشْعُرُونَ = അവർ വിചാരിക്കാത്ത ദിശയിൽനിന്ന്
فَأَذَاقَهُمُ اللَّهُ = അങ്ങനെ അല്ലാഹു അവരെ രുചിപ്പിച്ചു
الْخِزْيَ = നിന്ദ്യത
فِي الْحَيَاةِ الدُّنْيَا = ഈ ലോക (ഭൗതിക) ജീവിതത്തിൽ
وَلَعَذَابُ الْآخِرَةِ = തീർച്ചയായും പരലോക ശിക്ഷ(യോ)
أَكْبَرُ = ഏറ്റം വലുത് (അതിലേറെ ഘോരതരമത്രെ)
لَوْ كَانُوا يَعْلَمُونَ = അവർ അറി(ഞ്ഞിരുന്നുവെങ്കിൽ)യുന്നവരായിരുന്നുവെങ്കിൽ

സത്യനിഷേധികൾ പരലോകത്ത് നേരിടേണ്ടിവരുന്ന ശിക്ഷയാണ് മുൻസൂക്തം പറഞ്ഞത്. സത്യനിഷേധത്തിന്റെയും അക്രമത്തിന്റെയും അധർമത്തിന്റെയും പരകോടിയിലെത്തുന്നവർ ഈ ലോകത്തു തന്നെ ശിക്ഷിക്കപ്പെടും. ആ ശിക്ഷ എവിടെനിന്ന്, എപ്പോൾ, ഏതു രൂപത്തിൽ വന്നെത്തുന്നുവെന്നൊന്നും അവരറിയുന്നില്ല. തങ്ങളുടെ അക്രമത്തിന്റെയും അധർമത്തിന്റെയും ഫലമാണതെന്നുപോലും അവർ ചിന്തിക്കുന്നില്ല. പക്ഷേ, അല്ലാഹുവിലും അവന്റെ നീതിനടത്തിപ്പിലും നല്ല വിശ്വാസമുള്ള സജ്ജനങ്ങൾക്ക് അതു മനസ്സിലാവും. സത്യധർമങ്ങൾ ധിക്കരിച്ചു വാണ പല സമുദായങ്ങളും ചരിത്രത്തിൽ കടന്നുപോയിട്ടുണ്ട്. നാശഗർത്തത്തിലേക്കു നീങ്ങുന്ന ചില സമൂഹങ്ങളെ വീണ്ടെടുക്കാൻ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. ചിലർ അവരിലൂടെ വീണ്ടെടുക്കപ്പെട്ടു. ചിലരാവട്ടെ രക്ഷകരായെത്തിയ പ്രവാചകന്മാരെയും പുഛിച്ചുതള്ളി. അഹന്തയുടെയും ധിക്കാരത്തിന്റെയും വഴിയിലൂടെ തന്നെ മുന്നേറി. നിശ്ചിത പരിധിയിലെത്തിയപ്പോൾ അല്ലാഹു അവരെ ഉന്മൂലനം ചെയ്തു. ആദ്-സമൂദ് ഗോത്രങ്ങളും ഐക്കാ നിവാസികളും ഫറവോൻ പ്രഭൃതികളുമൊക്കെ അങ്ങനെ ഉന്മൂലനം ചെയ്യപ്പെട്ടവരാണ്.

പ്രവാചകനിയോഗം സമാപിച്ച ശേഷം അക്രമിസമൂഹങ്ങൾ പൂർണമായി നശിപ്പിക്കപ്പെടാറില്ല. പ്രവാചകന്മാർ പഠിപ്പിച്ച വേദപ്രമാണങ്ങളും ധർമോപദേശങ്ങളും മാനിക്കുന്ന കുറച്ചാളുകൾ പിൽക്കാല സമുദായങ്ങളിലും ഉണ്ടായിരുന്നു. സജ്ജന സാന്നിധ്യമുള്ള ഈ സമൂഹത്തെ ഭൂമിയിൽനിന്ന് തുടച്ചുനീക്കുക അല്ലാഹുവിന്റെ സുന്നത്ത് അല്ല. എങ്കിലും അതിരുവിട്ട അക്രമികളെയും അധർമികളെയും അല്ലാഹു ഇടക്കിടെ ശിക്ഷിച്ചുകൊണ്ടിരിക്കും. ദൈവത്തെ ഓർക്കാനും അവനിലേക്ക് മടങ്ങാനും പ്രേരിതരാകുന്നതിനു വേണ്ടിയാണത്. ചിലപ്പോൾ പ്രളയം, ഭൂകമ്പം, വരൾച്ച, വിളനാശം തുടങ്ങിയ രൂപങ്ങളിൽ. ചിലപ്പോൾ ദാരിദ്ര്യത്തിന്റെയും മഹാമാരിയുടെയും രൂപത്തിൽ. ചിലപ്പോൾ യുദ്ധത്തിന്റെ രൂപത്തിൽ. ഒരു മുന്നറിയിപ്പുമില്ലാതെ എവിടെനിന്നോ എങ്ങനെയോ ആകസ്മികമായി ശിക്ഷകൾ വന്നുഭവിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ഇപ്പറഞ്ഞ രൂപങ്ങളിലെല്ലാം മനുഷ്യകുലം പലതവണ ശിക്ഷിക്കപ്പെട്ടു. ഈ നൂറ്റാണ്ടിലെത്തിയ ആദ്യത്തെ മഹാശിക്ഷയാണ് കോവിഡ് 19-ന്റെ രൂപത്തിൽ ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നഗ്നദൃഷ്ടിക്ക് ഗോചരമാകാത്ത ഒരു വൈറസ്, നിമിഷാർധം കൊണ്ട് ലോകമാകെ ചുട്ടുപൊട്ടിക്കാൻ പര്യാപ്തമായ ആയുധങ്ങളണിഞ്ഞു നിൽക്കുന്ന വൻശക്തി സമൂഹങ്ങളെ നിസ്സഹായരാക്കി വിറകൊള്ളിക്കുകയാണ്. കോവിഡ് 19 വൈറസ് എവിടന്ന്, എന്തിന് വന്നു? ചൈനയിലെ ഇറച്ചി ചന്തയിൽനിന്നാണത്രെ വന്നത്.

അവിടേക്ക് എവിടുന്നു വന്നു? അതിന് മറ്റൊരു ഉറവിടം കണ്ടെത്തിയേക്കാം. പക്ഷേ എല്ലാറ്റിനും മുമ്പിലുള്ള ആദ്യ ഉറവിടം ആരും കാണുന്നില്ല, അന്വേഷിക്കുന്നുമില്ല. പ്രകൃതിക്ഷോഭങ്ങളെ സമീപിക്കുന്നതും ഇതുപോലെതന്നെ. എല്ലാറ്റിന്റെയും ഭൗതികശാസ്ത്രപരമായ കാരണങ്ങൾ നാം കണ്ടെത്തുന്നു. ആത്യന്തിക കാരകനെ കണ്ടെത്തുന്നില്ല. ഓരോ ശിക്ഷയെത്തുമ്പോഴും അതേക്കുറിച്ചുള്ള ചിന്ത ഭൗതികശാസ്ത്രപരമായ കാരണങ്ങൾ കണ്ടെത്തുന്നതിൽ അവസാനിപ്പിക്കുന്ന മനുഷ്യൻ അടുത്ത ശിക്ഷക്കുവേണ്ടി കാത്തിരിക്കുകയാണ്.

വിപത്തുകൾ ഭവിക്കുമ്പോൾ അതിന്റെ ഭൗതിക കാരണങ്ങൾ കണ്ടെത്തുന്നതും പ്രതിവിധി അന്വേഷിക്കുന്നതും അപ്രധാനമാണെന്ന് പറയുകയല്ല. ദുരിതങ്ങളുണ്ടാകുമ്പോൾ കാരണങ്ങളും പ്രതിവിധികളും കണ്ടെത്തേണ്ടത് മനുഷ്യധർമമാണ്. അതിനെ ആശ്രയിച്ചിരിക്കുന്നു മനുഷ്യവർഗത്തിന്റെ നിലനിൽപ്. പ്രകൃതിവ്യവസ്ഥയിൽ പരിമിതമാവുകയും ആ വ്യവസ്ഥയുടെ വിധായകൻ അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ അന്വേഷണം അപൂർണവും കണ്ടെത്തുന്ന പ്രതിവിധി താൽക്കാലികവുമാകുന്നു എന്നാണ് പറയുന്നത്. കോവിഡ് 19-ന് പ്രത്യൗഷധം തേടി ലോകമെങ്ങും ഗവേഷണ പരീക്ഷണങ്ങൾ തകൃതിയായി നടക്കുന്നുണ്ട്. ഇന്നല്ലെങ്കിൽ നാളെ മനുഷ്യൻ അത് കണ്ടുപിടിക്കുമെന്ന് തീർച്ചയായും പ്രതീക്ഷിക്കാം. കോവിഡ് 19-നു മുമ്പ് മനുഷ്യൻ അനേകം മഹാവ്യാധികൾക്ക് ഔഷധം കണ്ടെത്തിയിട്ടുണ്ട്. പ്ലേഗ്, വസൂരി തുടങ്ങിയ പല രോഗങ്ങളും അന്യംനിന്നു എന്നാണ് നാം കരുതുന്നത്. അതുകൊണ്ട് മനുഷ്യൻ രക്ഷപ്പെട്ടുവോ? എലിപ്പനി, എച്ച് 1 എൻ 1, എയിഡ്സ്, എബോള അങ്ങനെ എത്രയെത്ര ശിക്ഷകൾ പിന്നീടിറങ്ങിയിരിക്കുന്നു. അവയെ പിടിച്ചുകെട്ടാനുള്ള പ്രയത്നം പൂർത്തിയാകുന്നതിന്റെ മുമ്പാണ് കോവിഡിന്റെ രംഗപ്രവേശം. അസത്യം കൊണ്ടും അധർമം കൊണ്ടും മനുഷ്യൻ ഭൂമിയിൽ നശീകരണം-فساد- തുടരുമ്പോൾ അല്ലാഹു ഒന്നിനുപിറകെ ഒന്നായി ശിക്ഷയും തുടരുന്നു. അവന്റെ ആവനാഴിയിൽ ആയുധങ്ങൾക്ക് അവസാനമില്ല.

ഉഗ്രപ്രതാപികളും വൻശക്തികളുമായ ധിക്കാരികൾ ഈ ലോകത്ത് ശിക്ഷിക്കപ്പെടുന്നതോടെ അപമാനിതരും നിസ്സഹായരുമായി മാറുന്നു. പിന്നീടവർക്ക് തലപൊക്കാൻ ചിലപ്പോൾ തലമുറകൾ താണ്ടേണ്ടിവരും. ഏതു വിനാശചരിത്രം പരിശോധിച്ചാലും ഇതിനുദാഹരണം കാണാം. എന്നാൽ അവരുടെ ശിക്ഷ ഭൗതികലോകത്തെ അവശതയിലും അപമാനത്തിലും അവസാനിക്കുന്നില്ല. ഇതിനേക്കാൾ കൊടിയ ശിക്ഷയാണ് പരലോകത്ത് അവരെ കാത്തിരിക്കുന്നത്. ആ സമൂഹങ്ങൾ യാഥാർഥ്യം മനസ്സിലാക്കുകയും അതിന്റെ താൽപര്യമനുസരിച്ച് ചരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ ഗതി വരില്ലായിരുന്നു. പൂർവകാലത്ത് നശിപ്പിക്കപ്പെട്ട സമുദായങ്ങളെപ്പോലെ സത്യമറിയുകയും ശരിയായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെയും ഗതി അതുതന്നെയായിരിക്കുമെന്ന് പ്രവാചകന്റെ മുന്നിലുണ്ടായിരുന്ന സത്യനിഷേധികൾക്കുള്ള താക്കീതു കൂടിയാണിത്. ●

---

وَلَقَدْ ضَرَبْنَا لِلنَّاسِ فِي هَٰذَا الْقُرْآنِ مِن كُلِّ مَثَلٍ لَّعَلَّهُمْ يَتَذَكَّرُونَ ﴿٢٧﴾

قُرْآنًا عَرَبِيًّا غَيْرَ ذِي عِوَجٍ لَّعَلَّهُمْ يَتَّقُونَ ﴿٢٨﴾

27. നാം ഈ ഖുർആനിൽ, മനുഷ്യർ ബോധവാന്മാരാകുന്നതിനുവേണ്ടി എല്ലാ തരത്തിലുമുള്ള ഉദാഹരണങ്ങളവതരിപ്പിച്ചിരിക്കുന്നു.

28. വക്രതയേതുമില്ലാത്ത അറബി ഭാഷയിലുള്ള ഖുർആൻ; അവർ ദുരന്തങ്ങളിൽനിന്ന് രക്ഷപ്പെടാൻ.

**27,28**

وَلَقَدْ ضَرَبْنَا = തീർച്ചയായും നാം അവതരിപ്പിച്ചിരിക്കുന്നു لِلنَّاسِ = മനുഷ്യർക്കു വേണ്ടി فِي هَٰذَا الْقُرْآنِ = ഈ ഖുർആനിൽ

مِن كُلِّ مَثَلٍ = എല്ലാ(തരത്തിലുമുള്ള) ഉദാഹരണങ്ങളാ(റ്റം)ൽ لَّعَلَّهُمْ يَتَذَكَّرُونَ = അവർ ബോധവാന്മാരാകുന്നതിന്

قُرْآنًا عَرَبِيًّا = അറബി ഭാഷയിലുള്ള ഖുർആൻ ആയിട്ട് غَيْرَ ذِي عِوَجٍ = വക്രത (ഏതും) ഇല്ലാത്ത

لَّعَلَّهُمْ يَتَّقُونَ = അവർ കാവലുള്ളവരാകാൻ (ദുരന്തങ്ങളിൽനിന്ന് രക്ഷപ്പെടാൻ)

ضرب المثل ഭാഷാർഥത്തിൽ ഉദാഹരണം അവതരിപ്പിക്കലാണ്. അപരിചിതമായതിനെ പരിചിതമായതിനോട് സാദൃശ്യപ്പെടുത്തി പരിചയപ്പെടുത്തുന്നതാണ് ഉദാഹരണം. ഖുർആൻ മാത്രമല്ല, ഇതര വേദങ്ങളും സംസാരിക്കുന്നതേറെയും ആത്മീയ യാഥാർഥ്യങ്ങളാണ്. അവയെക്കുറിച്ച് വേദങ്ങൾ പറയുന്നതെല്ലാം ഒരർഥത്തിൽ ഉദാഹരണങ്ങളായി കാണാം. ഉദാഹരണരൂപത്തിലല്ലാതെ അവതരിപ്പിക്കുന്ന തത്ത്വവചനത്തെയും ന്യായസമർഥനത്തെയും കൂടി പൊതുവിൽ ضرب المثل എന്നു പറയും. ഖുർആൻ ഭാഷാർഥത്തിലും, ഇപ്പറഞ്ഞ അർഥത്തിലും ഈ വാക്കുപയോഗിച്ചിരിക്കുന്നു. ضَرَبَ اللهُ مَثَلًا എന്നു പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ഉദ്ദേശ്യം ഉദാഹരണം തന്നെയാണ്. അടുത്ത സൂക്തത്തിന്റെ പ്രാരംഭം അക്കൂട്ടത്തിൽ പെടുന്നു. ضَرَبْنَا مِن كُلِّ مَثَلٍ - എന്ന് വന്നിട്ടുള്ളത് യാഥാർഥ്യം വിശദീകരിച്ചുകൊടുത്തു, ന്യായങ്ങൾ സമർഥിച്ചു എന്ന അർഥത്തിലാണ്. ആ വിശദീകരണത്തിൽ ഉദാഹരണങ്ങളുണ്ട്, അല്ലാത്തതുമുണ്ട്. വക്രതയും കോട്ടവുമാണ് عِوَج. വക്രതയില്ലാത്ത അറബിഭാഷ കൊണ്ടുദ്ദേശ്യം പദങ്ങൾ ലളിതവും സാധാരണവുമാണെന്നും ഘടന

സരളവും സുന്ദരവുമാണെന്നുമാകുന്നു. യാഥാർഥ്യങ്ങൾ വിശദീകരിച്ചുകൊണ്ടും ന്യായങ്ങൾ സമർഥിച്ചുകൊണ്ടും ഖുർആൻ അവതരിപ്പിച്ചത് മനുഷ്യർ പ്രജ്ഞാശൂന്യതയുടെ നിദ്രയിൽനിന്ന് യാഥാർഥ്യബോധത്തിലേക്ക് ഉണരുകയാണ്. യാഥാർഥ്യബോധത്തിലേക്ക് ഉണർത്തുന്നതിന്റെ ലക്ഷ്യം അവർ തഖ് വയുള്ളവരാവുകയാണ്.

ഈ സൂക്തങ്ങൾ ഖുർആനിന്റെ മൂന്നു ഗുണങ്ങൾ പ്രസ്താവിക്കുന്നു. അത് 'ഖുർആൻ' ആകുന്നു എന്നതാണ് ഒന്ന്. ഏറെ പാരായണം ചെയ്യപ്പെടുന്നതാണ് قُرْآن. ഖുർആൻ ആഗതമായതു മുതൽ അന്ത്യനാൾ വരെ നിരന്തരം പാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പഠിക്കാൻ വേണ്ടിയും പുണ്യത്തിനു വേണ്ടിയും പാഠശാലകളിലും വീടുകളിലും പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. ആരാധനയുടെ ഭാഗമായും വീടുകളിലും പള്ളികളിലും പാരായണം ചെയ്യപ്പെടുന്നു. മുസ്‌ലിം അഞ്ച് നേരത്തെ നമസ്കാരങ്ങളിൽ നിർബന്ധമായും ഖുർആൻ പാരായണം ചെയ്യേണ്ടതുണ്ട്. ഭൂഭ്രമണം മൂലം പല സ്ഥലങ്ങളിൽ പല സമയമാണല്ലോ. അതുകൊണ്ട് ഭൂമിയുടെ ഏതെങ്കിലും ഭാഗത്ത് മുസ്‌ലിംകൾ ഖുർആൻ പാരായണം ചെയ്തു നമസ്കരിച്ചുകൊണ്ടിരിക്കാത്ത ഒരു സമയവുമില്ല. ഖുർആനിനെ നാം തന്നെ സൂക്ഷിക്കും- وَإِنَّا لَهُ لَحَافِظُونَ എന്ന് അല്ലാഹു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ പ്രസ്താവനയുടെ സാക്ഷാത്കാരത്തിന്റെ രീതി കൂടിയാണത്.

അറബി ഭാഷയിലാകുന്നു എന്നതാണ് രണ്ടാമത്തെ ഗുണം. വികാസപരിണാമങ്ങളോടൊപ്പം പദങ്ങളും വചനഘടനയും മൂലരൂപത്തിൽ തന്നെ നിലനിർത്തുന്ന ഭാഷയാണ് അറബി. ഏതാശയവും ഏറ്റം കുറഞ്ഞ പദങ്ങളിൽ അവതരിപ്പിക്കാൻ കഴിയുന്ന ഭാഷയുമാണ്. ഖുർആനിലെ ഓരോ വാക്കിനും നിരവധി അർഥതലങ്ങളും വ്യാഖ്യാന സാധ്യതകളുമുണ്ട്. അത് പഠിതാക്കളുടെ ചിന്ത വികസിപ്പിച്ചുകൊണ്ടേയിരിക്കും. എല്ലാ പുരുഷാർഥങ്ങളുടെയും വിശദീകരണം- تبيان لكلّ شيئ - ആയ ഒരു ഗ്രന്ഥത്തിന് അറബിയോളം പര്യാപ്തമായ ഭാഷ വേറെ ഏതാണ്?! ഖുർആന്റെ അഭേദ്യമായ ഗുണമാണ് 'അറബിയ്യത്ത്.' അറബി ഖുർആൻ ആണ് അലൗകികം. ഈ അലൗകികം മറ്റു ഭാഷകളിലേക്ക് പകർത്താനാവില്ല. ഖുർആൻ തർജമകൾ ഖുർആൻ തർജമകൾ മാത്രമാണ്, യഥാർഥ ഖുർആൻ അല്ല. യഥാർഥ ഖുർആനും തർജമയും തമ്മിൽ വസ്തുവും അതിന്റെ നിഴലും പോലുള്ള വ്യത്യാസമുണ്ട്. മൂല ഖുർആൻ അപ്രാപ്യമായവർ തർജമകൾ പ്രാപിക്കേണ്ടത് അനിവാര്യമാകുന്നു. ഖുർആൻ വചനങ്ങളുടെ അർഥഗരിമയും ആശയവിശാലതയും സാഹിത്യ സൗന്ദര്യവും, സരളവും സംഗീതാത്മകവുമായ വായനക്ഷമതയും വിവർത്തനക്ഷമമല്ലെങ്കിലും ഖുർആൻ ഉൾക്കൊള്ളുന്ന വിശ്വസത്യങ്ങളും ധർമശാസനകളും ഏതു ഭാഷയിലും പകർത്താം. ആർക്കും വായിച്ചു മനസ്സിലാക്കുകയും തഖ്‌വയുള്ളവരാവുകയും ചെയ്യാം. അതാണല്ലോ ഖുർആന്റെ അവതരണലക്ഷ്യം. ഖുർആൻ ഉൾക്കൊള്ളുന്ന ആദർശങ്ങളും നിയമങ്ങളും കൈകടത്തലുകൾക്കും അട്ടിമറികൾക്കും അതീതമായി നിലനിൽക്കുന്നതിനുവേണ്ടി സ്വീകരിക്കപ്പെട്ട ഉപാധികളാണ് മറ്റു ഗുണങ്ങൾ. ●




കെ. അബ്ദുല്ലാ ഹസന്റെ
പ്രൗഢ രചനകൾ

- സകാത്ത് തത്ത്വവും പ്രയോഗവും ₹ 110
- സച്ചരിതരായ ഖലീഫമാർ ₹ 80
- മുസ്‌ലിം സ്ത്രീ പ്രമാണങ്ങളിലും സമ്പ്രദായങ്ങളിലും ₹ 90
- ഇബാദത്ത് ലഘുപരിചയം ₹ 45
- മുസ്‌ലിംകൾ ബഹുസ്വര സമൂഹത്തിൽ ₹ 55










IPH BOOKS FORLAND BUILDING, RAJAJI ROAD, KOZHIKODE, 673004
WP NO: 9544299877 iphbooks.com